# ണിം...ണിം...ണിം...സൈക്കിൾവണ്ടി

ബിജു. എസ്. ബാലൻ

നഗരങ്ങൾക്കെല്ലാം തന്നെ സ്വന്തം പേരല്ലാതെ മറ്റുവിശേഷങ്ങൾ ഉണ്ടാകുന്നത് ഓരാഗോളപ്രതിഭാസമാണല്ലോ. ഇന്ത്യയിലാകട്ടെ ഈ വിശേഷനാമകരണം നടത്തിയിരുന്നത് ബ്രിട്ടീഷ് ഭരണസമയത്താണ്. നഗരത്തിന്റെ യഥാർത്ഥ സ്വഭാവവുമായി യാതൊരു ബന്ധവുമില്ലാത്ത ഉപരിപ്ലവ ചിത്രങ്ങളുടെ പേരിൽ നൽകിയിരുന്ന പല വിശേഷണങ്ങളേയും പിന്നീട് അടിത്തട്ടിലേക്കിറങ്ങിയ പഠനങ്ങൾ തകർത്തു കളഞ്ഞു. കൽക്കട്ട എന്ന കൊൽക്കത്തയെ ബഹുമാന്യരായ ആംഗലേയ പ്രഭുക്കൾ 'സിറ്റി ഓഫ് ജോയ്'(ആനന്ദത്തിന്റെ നഗരം) എന്നു പേരിട്ടു പോയില്ലേ? ഒടുവിൽ ഡൊമനിക് ലാപ്പിയർ കൊൽക്കത്താ ചേരിയിൽ നിന്നു വിളിച്ച് ലോകത്തിനു കാണിച്ചു കൊടുത്ത ഒരു റിക്ഷാക്കാരൻ പറഞ്ഞുതന്നു, എത്ര മാത്രം ദുഃഖകരമാണ് നഗരം അവരുടെ ജീവിതത്തിന് സമ്മാനിച്ചതെന്ന്.

'സിറ്റി ഓഫ് ജോയ്' എന്ന പുസ്തകത്തിലെ കാര്യങ്ങൾ മുഴുവൻ ഇന്ത്യയെ കുറിച്ചു പറഞ്ഞുവെന്നവകാശപ്പെടുന്നില്ല എന്നു പറഞ്ഞാണ് ഏറെ വർഷങ്ങൾക്കു മുമ്പിറങ്ങിയ ഗ്രന്ഥത്തിന്റെ ആമുഖം അവസാനിക്കുന്നത്. ചെന്നൈ നഗരത്തിലെ പലതരം പൊതുവാഹനങ്ങളിൽ ഇന്നും സജീവമായ സൈക്കിൾ റിക്ഷക്കാരെ കാണുന്നവർക്ക് ഇന്ത്യയുടെ പുരോഗതിയെക്കുറിച്ചഭിമാനിക്കാം. വലിച്ചുകൊണ്ടു പോകുന്ന റിക്ഷക്കു പകരം അതിൽ സൈക്കിൾ പിടിപ്പിച്ചു കൊടുക്കാൻ മാത്രം വികസിച്ച ഇന്ത്യൻ സാങ്കേതികവിദ്യയെക്കുറിച്ച് . മൂന്നാളുകളേയും എടുത്താൽപൊങ്ങാത്തത്ര ലഗ്ഗേജുകളും വെച്ചുകൊണ്ട് ഈ സൈക്കിൾ റിക്ഷകൾ നഗരത്തിൽ എല്ലായിടത്തും കാണാം. ചെന്നൈയിലെ ഹിന്ദു എഡിഷനിൽ വരുന്ന 'കാഷ്വൽ' ഫോട്ടോകളിൽ വാഹന.ളുടെ ഇടയിൽ ഈ 'വാഹന'വും സജീവമായി കാണാം.

ബസ്, കാർ, ഓട്ടോറിക്ഷ എന്നിങ്ങനെ 'ആധുനിക'വാഹനങ്ങളിൽ കയറുന്നത് മാത്രം ശീലമുള്ളവർക്ക് ചെന്നൈ നഗരത്തിൽ ഈ 'പഴഞ്ചൻ വാഹനം'എങ്ങനെയാണ് നിലനിന്നു പോകുന്നത് എന്ന് അദ്ഭുതം തോന്നാം. ഈ വാഹനം ഓട്ടോയേക്കാളും 'കാൾ ടാക്സി' എന്നു വിളിച്ചാൽ വിളിപ്പുറത്തെത്തുന്ന ടാക്സിയേക്കാളും ഒട്ടും ലാഭകരമല്ല എന്നു കൂടി അറിയുമ്പോഴോ?

ഒരു കാര്യം ശ്രദ്ധിക്കുമ്പോഴറിയാം കാര്യം കിടക്കുന്നതെവിടെയാണെന്ന്. കയറുന്നവരെല്ലാം പ്രായം കൂടിയവരാണ്. കൂടുതൽ സ്ത്രീകൾ. 'മദിരാശിപ്പട്ടണത്തിലെ' പ്രൗഢകളായ വനിതകൾ കൈവണ്ടിയിലിരുന്ന് പോകുന്ന കാഴ്ചകൾ പഴയ മലയാള സാഹിത്യത്തിൽ കാണാം. ഒരാൾ തങ്ങളെ വലിച്ച്- അതും വിയർത്ത് കുളിച്ച്, കിതച്ച് കൊണ്ടുപോകുന്നതിന്റെ സുഖം പണക്കാർക്ക് മാത്രം മനസ്സിലാകുന്ന സുഖമാണ്. ഈയൊരു 'സ്റ്റാറ്റസ് സിംബൽ' മാറുക എന്നത് അത്രയെളുപ്പമെന്നോ?

## ചെന്നൈ വിശേഷം

എ. സി. യിൽ പാട്ടും കേട്ട് കാപ്പിയും കുടിച്ച് യാത്ര ചെയ്യാനുള്ള സാങ്കേതിക വിദ്യയുള്ള സമയത്ത് മനുഷ്യൻ മനുഷ്യനെ കഷ്ടപ്പെട്ട് ശാരീരീകാധ്വാനം ഉപയോഗിച്ച് എത്തിക്കുന്നത് നിർത്തി അവർക്കെല്ലാം മറ്റു തൊഴിലുകൾ ഏർപ്പാടാക്കാൻ ഗവൺമെന്റിനു ശ്രമിച്ചുകൂടേ എന്ന് ചോദിക്കുന്നവർക്ക് മനുഷ്യത്വമുണ്ടാകാം, പക്ഷേ രാഷ്ട്രീയം അറിയില്ല എന്നേ പറയാൻ പറ്റൂ. എം. ജി. ആർ എന്ന തമിഴ് രാഷ്ട്രീയ തലൈവൻ കടന്നു പോയ രാഷ്ട്രീയ വഴികളിൽ വീണിട്ടുള്ള വോട്ടിന്റെ വലിയൊരു ശതമാനവും റിക്ഷാക്കാരുടേതാണ്. കൈ വണ്ടിയിൽ നിന്നും സൈക്കിൾ ഘടിപ്പിക്കാൻ പണം നൽകുക, മഴക്കാലത്ത് റിക്ഷാക്കാർക്കെല്ലാം സൗജന്യ റെയിൻകോട്ട് വിതരണം............ അങ്ങനെ തലൈവൻ ഈ ഏഴകൾക്ക് ചെയ്ത സഹായത്തിന് കണക്കില്ലല്ലോ. തലൈവന്റെ പന്തം ഏറ്റുവാങ്ങിയ തലൈവിയും ട്രാഫിക് ജംഗ്ഷനുകളിൽ ഇവരോട് അപമര്യാദയായി പെരുമാറരുത് എന്നു തുടങ്ങിയ ഉത്തരവുകൾ വഴി റിക്ഷാക്കാരെ സംരക്ഷിക്കുന്നു. മിക്കവാറും എല്ലാ റിക്ഷകളുടെ പിന്നിലും എ. ജി. ആറിന്റെ പോസ്റ്റ് കാർഡ് ചിത്രങ്ങൾ നിരത്തി ഒട്ടിച്ചിരിക്കുന്നത് കാണാം. ഇവർക്കെല്ലാം മറ്റു ജോലി കൊടുക്കണമെന്ന് പറയാൻ എളുപ്പമാണ്. പറയുന്നയാൾക്ക് ഒരു വോട്ടേ ചെയ്യാൻ പറ്റൂ. മറുഭാഗത്ത് അവർക്ക് ഫോൺ വെയ്ക്കാൻ അനുമതി കൊടുത്താൽ എം. എൽ. എമാരുടെ എണ്ണം വളരെ കൂടും.

ചെന്നൈ നഗരം ഇങ്ങനെയൊക്കെയാണ്. ഇന്ത്യയിലെ ഒന്നാം നമ്പർ സംസ്ഥാനമായി ഉയരണമെന്ന് ആഗ്രഹിക്കുന്ന തമിഴ്നാടിന്റെ തലസ്ഥാനത്തിന് ലോകത്തിലെ ഏറ്റവും വൃത്തികെട്ട മനുഷ്യൻ മനുഷ്യനെ കഷ്ടപ്പെടുത്തുക എന്ന സംസ്കാരം കളയാൻ ആഗ്രഹമില്ല.

ഒരല്പം: ഒരു തമിഴ് സുഹൃത്ത് പറഞ്ഞത് റിക്ഷ എന്നത് ഡൽഹി, ചെന്നൈ, കൊൽക്കത്ത, മുംബൈ എന്നീ നഗരങ്ങളിൽ മാത്രമേയുള്ളുവെന്ന്! ആ സുഹൃത്തിന്റെ അഭിമാനം കണ്ടപ്പോൾ കേരളം മെട്രോയല്ലാത്തതിൽ ആശ്വാസം തോന്നി.